# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2511** **07.10.2016 ൽ മറുപടിയ്ക്ക്**

## അംഗൻവാടി ജീവനക്കാരുടെ വർദ്ധിച്ച വേതനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എം. രാജഗോപാലൻ** | | **ഡോ.കെ.ടി ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )** | |
| (എ) | കേരളത്തിലെ അംഗൻവാടികളിലെ വർക്കർ ഹെൽപ്പർമാരുടെ വേതനം വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും പല പഞ്ചായത്തുകളും വേതന വർദ്ധനവ് നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വർദ്ധിച്ച വേതനം നൽകാത്ത എത്ര പഞ്ചായത്തുകൾ/മുൻസിപ്പാലിറ്റികൾ കാസർഗോഡ് ജില്ലയിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഇവർക്ക് എപ്പോൾ ഉയർന്ന നിരക്കിൽ വേതനം നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിൽ അംഗൻവാടി വർക്കർ / ഹെൽപ്പർമാർക്ക് വർദ്ധിപ്പിച്ച വേതനം നൽകാത്ത 37 ഗ്രാമപഞ്ചായത്തുകൾ ഉണ്ട്. ഇതിൽ 27 ഗ്രാമപഞ്ചായത്തുകൾ ഒക്ടോബർ മാസം മുതലും 3 ഗ്രാമപഞ്ചായത്തുകൾ നവംബർ മാസം മുതലും വർദ്ധിപ്പിച്ച വേതനം നൽകുമെന്ന് അറിയിച്ചിട്ടുണ്ട്. 4 ഗ്രാമപഞ്ചായത്തുകൾ ഫണ്ടിന്റെ ലഭ്യതക്കുറവ് കൊണ്ട് വർദ്ധിച്ച വേതനം നൽകിയിട്ടില്ല.<br><br>കാസർഗോഡ് ജില്ലയിലെ 3 നഗരസഭകൾ വർദ്ധിപ്പിച്ച വേതനം നൽകിയിട്ടില്ല. ഒക്ടോബർ മാസത്തിൽ നൽകുവാൻ സാധിക്കുമെന്ന് കരുതുന്നതായി കാഞ്ഞങ്ങാട് നഗരസഭയും കൌൺസിൽ തീരുമാനിക്കുന്ന മുറയ്ക്ക് വേതനം വർദ്ധിപ്പിച്ച നൽകുന്നതാണെന്ന് നീലേശ്വരം നഗരസഭയും അറിയിച്ചിട്ടുണ്ട്.<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ റിക്വിസിഷൻ സമർപ്പിക്കുന്ന മുറയ്ക്ക് വർദ്ധിപ്പിച്ച വേതനം അനുവദിക്കുന്നതാണെന്ന് കാസർഗോഡ് നഗരസഭയും അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**